പാലക്കാട് ജില്ലയിലെ അനധികൃത പാറപൊട്ടിക്കൽ, മണൽവാരൽ എന്നിവ കൊണ്ട് ഉളവാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

3 (4282) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഡി.വൈ.എസ്.പി. ലോബിയുടെ മണൽവാരൽ, പാറപൊട്ടിക്കൽ എന്നിവ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് : വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ :

(സി) പ്രസ്തുത ആൾ ഓരോ മാസവും എത്ര രൂപയുടെ മണൽ, പാറ എന്നിവ ഇത്തരത്തിൽ കച്ചവടം നടത്തുന്നുണ്ട് : ഇതിനായി സർക്കാർ ലൈസൻസോ ഫീസോ കൊടുത്തിട്ടുണ്ടോ : എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആളിന്റെ മണൽവാരൽ, പാറപൊട്ടിക്കൽ എന്നിവമൂലം പാലക്കാട് ജില്ലയുടെ വിവിധ മേഖലകളിലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഒരു കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം നടത്തി ശ്രീ. ലോബിയുടെ പേരിൽ കെ. എൽ. സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുകയും ടിയാന്റെ കരാറുകാരനായിരുന്ന ശ്രീ. മുഹമ്മദിന്റെ പേരിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കക്ഷി പിഴ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. തഹസിൽദാരുടെ നടപടിക്രമത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ആർക്കും ലീസോ, ലൈസൻസോ കൊടുത്തിട്ടില്ല.

(ഡി) അനധികൃത മണൽവാരലും പാറപൊട്ടിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളപ്പോഴെല്ലാം നിയമാനുസരണമുള്ള നടപടി സ്വീകരിച്ചതായി കളക്ടർ അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രശ്നം ഉള്ളതായി റിപ്പോർട്ടില്ല.

സർക്കാർ സ്ഥലത്ത് അനധികൃതമായി പണിത കെട്ടിടം പൊളിച്ചുമാറ്റുന്നതിന് നടപടി

4 (4283) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ആനവിലാസം വില്ലേജ് വക സർക്കാർ സ്ഥലത്ത് അനധികൃതമായി കയ്യേറി പണിത സി. പി. എം. ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടും നാളിതുവരെ പ്രസ്തുത നടപടി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly